**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 636** **28-06-2022 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയുടെ ആധുനികവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കയർ മേഖലയെ ആധുനികവത്കരിക്കുന്നതിനായുള്ള പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കയർ മേഖലയിൽ തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ട് പരിപൂർണ്ണ യന്ത്രവൽക്കരണം നടത്തി ആധുനികവൽക്കരിക്കുന്നതിനായി 13-ാം പഞ്ചവൽസര പദ്ധതി കാലത്ത് ആവിഷികരിച്ച് നടപ്പാക്കിയ പദ്ധതിയാണ് കയർ രണ്ടാം പുനസംഘടനാ പദ്ധതി. ടി പദ്ധതി പ്രകാരം 150 കയർ സഹകരണ സംഘങ്ങളിലായി 1438 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുകയുണ്ടായി. 500 എഎസ്എം കൾ കൂടി സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. കയർ ഉൽപ്പന്ന മേഖല പ്രധാനമായുള്ള ആലപ്പുഴ ജില്ലയിലെ 6 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ പവർ ലൂമുകൾ സ്ഥാപിക്കാനുള്ള നടപടികൾ നടന്നു വരുന്നു. ഇതിൽ ചെറുവാരണം മാറ്റ്സ് & മാറ്റിംഗ്സ് കോ. സൊസൈറ്റി ലിമിറ്റഡ് നം. എ 989 ൽ 6 പവർ ലൂമുകൾ സ്ഥാപിച്ചു കഴിഞ്ഞു. മറ്റ് 5 സംഘങ്ങളിൽ വർക്ക് ഷെഡ് നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പവർ ലൂമുകൾ സ്ഥാപിക്കുന്നതാണ്. തൊണ്ട് ലഭ്യത കൂടുതലുള്ള മലബാർ മേഖലയിലെ 50 ഡിഎഫ് മില്ലുകൾ ഉൾപ്പെടെ സംസ്ഥാനത്ത് ആകെ 128 ഡിഎഫ് മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ആലപ്പുഴ ജില്ലയിലെ പരമ്പരാഗത കയർ തൊഴിലാളികളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | പരമ്പരാഗത കയർ തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ കയർ മേഖലയിൽ നടപ്പാക്കുന്നുണ്ട്. തൊഴിലാളികളുടെ ജോലി ഭാരം കുറയ്ക്കുന്നതിനും ഉൽപ്പാദന വർദ്ധനവിനുമായി ഇലക്ട്രോണിക് റാട്ട്, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, വില്ലോവിങ്ങ് മെഷീൻ, വൈൻഡിംഗ് മെഷീൻ, സ്പൂളിംഗ് മെഷീൻ തുടങ്ങിയവ വിതരണം ചെയ്തു വരുന്നു. അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നു. ഇത്തരം നടപടികളുടെ ഭാഗമായി തൊഴിലാളികളുടെ ജോലി ഭാരം കുറയുകയും ഉൽപ്പാദനം വർദ്ധിക്കുകയും |

| | | | |
|---|---|---|---|
| | | | വേതന വർദ്ധനവ് ഉണ്ടാവുകയും ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്യും. വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി 2021-2022 സാമ്പത്തിക വർഷത്തിൽ 4,35,97,909/- രൂപ ആലപ്പുഴ ജില്ലയ്ക്കായി അനുവദിക്കുകയുണ്ടായി. പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസെന്റീവ് (Production Marketing Incentive) ആയി 2022-23 വർഷത്തിൽ 58,87,040/- രൂപ ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ